(ബി) ഇതിൽ കുടിശ്ശിക തുക എത്രയാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 67,86,16,343 രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

(ബി) 62,30,62,413 രൂപയാണ് കുടിശ്ശിക.

സംസ്ഥാന ഖാദിബോർഡിനു നൽകാനുള്ള തുക

214 [2707) ശ്രീ. എ. സുജനപാൽ:

" എൻ. ശക്തൻ:

" ടി. വി. ചന്ദ്രമോഹൻ:

" ഡി. സുഗതൻ:

ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഖാദിബോർഡിന് ഗവൺമെന്റ് എന്തു തുക നൽകാനുണ്ട്;

(ബി) എന്തെല്ലാം ഇനങ്ങളിലാണ് ഈ തുക നൽകാനുള്ളതെന്ന് അറിയിക്കാമോ?

(സി) എന്നുമുതലുള്ള തുകയാണ് നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ തുക എന്നത്തേക്ക് കൊടുക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2125.86 ലക്ഷം രൂപയാണ് നൽകാനുള്ളത്.

(ബി) എസ്റ്റാബ്ളിഷ്മെന്റ്-ഗ്രാന്റ്, റിബേറ്റ്, പലിശ സബ്സിഡി എന്നീ ഇനങ്ങളിലാണ്.

(സി) പലിശ സബ്സിഡി ക്ളെയിം 2001-02 വർഷം മുതൽ 2003-04 വരെയും എസ്റ്റാബ്ളിഷ്മെന്റ്-ഗ്രാന്റ് 1990-91 മുതൽ 2003-04 വരെയും റിബേറ്റ് കുടിശ്ശിക 1990-91 മുതൽ 2003-04 വരെയുമാണ് നൽകാനുള്ളത്.

(ഡി) എന്നത്തേക്ക് കൊടുക്കാൻ കഴിയുമെന്ന കാര്യം പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly